# പതിമൂന്നാം കേരള നിയമസഭ
## 15-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 336** — **30.11.2015 ൽ മറുപടിയ്ക്ക്**

## ജലസമൃദ്ധ കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ടി.എൻ പ്രതാപൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 'ജലസമൃദ്ധ കേരളം പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) & (ബി) 24.05.2014-ലെ സ.ഉ (സാധാ) നം.89/2014 വഴി സംസ്ഥാനത്ത് 'ജലസമൃദ്ധ കേരളം പദ്ധതി' നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനീകരണമാണ് വ്യാവസായിക മലിനീ കരണത്തേക്കാൾ ഗുരുതരമായി സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. അതിനാൽ ജനപിന്തുണയോടെ, ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജല സുരക്ഷയും ജലസ്രോതസ്സുകളുടെ സമഗ്ര സംരക്ഷണത്തിനും ഒരു തുടർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശ ലക്ഷ്യം. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ? | (സി) പദ്ധതി നടത്തിപ്പിനും, ഏകോപനത്തിനുമായി വനം, പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാന തലത്തിൽ കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ